LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ലഭ്യമാക്കി കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിന് നടപടി

20 [*59] ശ്രീ. തമ്പാനൂർ മനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ലഭ്യമല്ലാത്ത സ്കൂളുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഐ. ടി. പഠനവിഷയമായതോടെ വൈദ്യുതി ലഭ്യമല്ലാത്ത സ്കൂളുകളിൽ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വിദ്യാലയങ്ങളിൽ വൈദ്യുതി ലഭ്യമാക്കിക്കൊണ്ട് ഈ അദ്ധ്യയനവർഷം കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) വൈദ്യുതി ലഭ്യമല്ലാത്ത, താഴെപ്പറയുന്ന ആറ് ഗവൺമെന്റ് ഹൈസ്കൂളുകളാണ് നിലവിലുള്ളത്.

1. ഗവൺമെന്റ് ഹൈസ്കൂൾ, പാണ്ടി, കാസർഗോഡ്
2. ഗവൺമെന്റ് ഹൈസ്കൂൾ, കട്ടച്ചിറ, പത്തനംതിട്ട
3. ഗവൺമെന്റ് ഹൈസ്കൂൾ, കൊക്കാത്തോട്, പത്തനംതിട്ട
4. ഗവൺമെന്റ് ഹൈസ്കൂൾ, കിസുമം, പത്തനംതിട്ട
5. ഗവൺമെന്റ് ഹൈസ്കൂൾ, ചെണ്ടുവര, ഇടുക്കി
6. ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂൾ, കണ്ണംപടി, ഇടുക്കി.

(ബി) ഉണ്ട്.

(സി) പ്രസ്തുത സ്കൂളുകളിൽ ജനറേറ്ററുകളുടെ സഹായത്തോടെ കുട്ടികളുടെ കമ്പ്യൂട്ടർ പഠനവും, പ്രായോഗിക പരീക്ഷയും വിജയകരമായി നടത്തിവരികയാണ്.

സംസ്ഥാന ഗതാഗത പദ്ധതി

21 [*60] ശ്രീ. വി. കെ. സി. മമ്മത്കോയ:
" രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഒന്നാംഘട്ടം പൂർത്തിയാക്കുമ്പോൾ സംസ്ഥാന ഖജനാവിന് ഉണ്ടാകുന്ന അധിക ബാദ്ധ്യത എത്രയായിരിക്കും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) ഒന്നാംഘട്ടത്തിന്റെ നിർമ്മാണ കരാറുകൾ എന്നാണ് നൽകിയത്; എന്നാണ് നിർമ്മാണം ആരംഭിച്ചത്;

(ഡി) ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിന് എന്തു തുക ചെലവാകും എന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്;

(ഇ) ഒന്നാംഘട്ടത്തിന് ലോകബാങ്കിൽ നിന്നും ലഭ്യമായ തുക എത്ര;

(എഫ്) ഒന്നാംഘട്ടത്തിന്റെ കൺസൾട്ടൻസി ഫീസായി ഇതിനകം എന്ത് തുക നൽകിക്കഴിഞ്ഞിട്ടുണ്ട്?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 3 പാക്കേജുകളിലായി ഏകദേശം 50% പണികൾ 2006 ജനുവരിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതുമുഖം 14 കോടി രൂപയും വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി ലൈൻ, ടോലിഫോൺ തുടങ്ങിയവ പുനഃസ്ഥാപിക്കുന്നതുമുഖം 40 കോടി രൂപയും ഉൾപ്പെടെ 54 കോടി രൂപ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു.

(സി) ഒന്നാംഘട്ടം നിർമ്മാണ കരാറുകൾ 2002 നവംബറിൽ നൽകി. നിർമ്മാണം 2002 ഡിസംബറിൽ ആരംഭിച്ചു.

(ഡി) ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിന് കോൺട്രാക്ട് തുക ഉദ്ദേശം 510.90 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഇ) ഒന്നാംഘട്ടത്തിന് 97 മില്ല്യൺ ഡോളർ (436.5 കോടി രൂപ) 2005 ഡിസംബർ 31-ാം തീയതി വരെ ലോകബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(എഫ്) ഒന്നാംഘട്ടത്തിന്റെ കൺസൾട്ടൻസി ഫീസായി ഇതിനകം 13 കോടി 24 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ്

22 [*61] ശ്രീ. പിരപ്പൻകോട് മുരളി:
" കോടിയേരി ബാലകൃഷ്ണൻ:
" എം. പ്രകാശൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ നിയമത്തെ അടിസ്ഥാനപ്പെടുത്തി ആവശ്യമായ എന്തെല്ലാം തീരുമാനങ്ങളാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly